നം.എച്ച്2/25700/2015/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം. തീയതി:04.09.2015.

## സർക്കുലർ

**വിഷയം:-** പൊതുവിദ്യാഭ്യാസം- സംസ്ഥാനത്തെ സ്കൂളുകളിലെ എല്ലാ കുട്ടികളേയും യു.ഐ.ഡിയുടെ പരിധിയിൽ കൊണ്ടുവരുന്നത്- സംബന്ധിച്ച്.

**സൂചന:** ജി.ഒ(ആർ.റ്റി)നം.1638/2015/പൊ.വി തീയതി:30.04.2015.

സംസ്ഥാനത്തെ ഗവൺമെന്റ്, എയ്ഡഡ്, അൺഎയ്ഡഡ് സ്കൂളുകളിലെ മുഴുവൻ വിദ്യാർത്ഥികളേയും യു.ഐ.ഡിയുടെ പരിധിയിൽ കൊണ്ടുവരേണ്ടതാണെന്ന് സൂചന പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്.

സ്കൂൾതല ക്യാമ്പുകൾ സംഘടിപ്പിച്ചുകൊണ്ട് യു.ഐ.ഡി രജിസ്ട്രേഷൻ 2015-16 അധ്യയന വർഷത്തിൽ തന്നെ പൂർത്തിയാക്കേണ്ടതാണ്. ക്യാമ്പുകൾ സംഘടിപ്പിക്കാനുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതും ക്രമീകരണങ്ങൾ ഒരുക്കേണ്ടതും ഐ.റ്റി.@ സ്കൂൾ ന്റെ ജില്ലാതല ഓഫീസാണ്. ആയതിനു വേണ്ട നിർദ്ദേശം ഐ.റ്റി.@ സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടർ എല്ലാ ജില്ലകൾക്കും നൽകേണ്ടതും പ്രവർത്തനം മോണിറ്റർ ചെയ്യേണ്ടതുമാണ്.

ഐ.റ്റി.@ സ്കൂൾ ന്റെ സഹകരണത്തോടെ സ്കൂൾതല ക്യാമ്പുകൾ സംഘടിപ്പിച്ചുകൊണ്ട് ഗവൺമെന്റ്, എയ്ഡഡ്, അൺ-എയ്ഡഡ് സ്കൂളുകളിലെ ഇനിയും യു.ഐ.ഡി ലഭിച്ചിട്ടില്ലാത്ത വിദ്യാർത്ഥികളെ 2015-16 അധ്യയനവർഷത്തിൽതന്നെ യു.ഐ.ഡി യുടെ പരിധിയിൽ കൊണ്ടുവരാനുള്ള നടപടി വിദ്യാഭ്യാസ ഓഫീസർമാരും സ്വീകരിക്കേണ്ടതാണ്.

**പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)**

സ്വീകർത്താവ്:

1. എക്സിക്യൂട്ടീവ് ഡയറക്ടർ
   ഐ.ടി. @ സ്കൂൾ, പൂജപ്പുര, തിരുവനന്തപുരം.
2. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും
3. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും

പകർപ്പ്:

എല്ലാ സ്കൂൾ പ്രഥമാദ്ധ്യാപകരും (ഡി.ഇ.ഒ/എ.ഇ.ഒ മുഖേന)

വി